## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 162
**11.06.2012 - ലെ മറുപടിയ്ക്ക്**

### കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.പി. സജീന്ദ്രൻ | | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നബാർഡ് വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും പലിശ രഹിതമാക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ച് അടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം എല്ലാ കാർഷിക വായ്പകൾക്കും ഈ ഇനത്തിൽ 5% പലിശ സബ്സിഡി നൽകുന്ന പദ്ധതി അംഗീകരിക്കുകയുണ്ടായി.. അതോടൊപ്പം സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വ കാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ച് അടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം കൂടി സംഘങ്ങൾക്ക് നൽകി വായ്പ പലിശ രഹിതമായി കർഷകർക്ക് നൽകുന്ന പദ്ധതി 2012-13 വർഷത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| സി) | ഏതു വർഷം മുതൽ ലോൺ എടുത്ത കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക; | 2012-13 വർഷം മുതൽ ഈ പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭിക്കും. |
| ഡി) | ഇതിനായി പ്രതിവർഷം വേണ്ടി വരുന്ന ഏകദേശം തുക എത്രയെന്ന് വ്യക്തമാക്കാമോ? | ഇതിനായി പ്രതിവർഷം ഏകദേശം 32 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |

ഡെപ്യൂട്ടി സെക്രട്ടറി